## പതിനാലാം കേരള നിയമസഭ

# പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി
# (2016-2019)

## നാല്പത്തിയൊന്നാമത് റിപ്പോർട്ട്

(2017 മേയ് 22-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017

പതിനാലാം കേരള നിയമസഭ

# പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി
# (2016-2019)

## നാല്പത്തിയൊന്നാമത് റിപ്പോർട്ട്

## കേരള വനം വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന ഇക്കോടൂറിസം പദ്ധതികൾ സംബന്ധിച്ച സ്വതന്ത്ര പഠന റിപ്പോർട്ട്

978/2017.

# ഉള്ളടക്കം

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |

## സമിതിയുടെ ഘടന

<u>അദ്ധ്യക്ഷൻ:</u>

ശ്രീ. സി. ദിവാകരൻ.

<u>അംഗങ്ങൾ:</u>

ശ്രീ. ടി. എ. അഹമ്മദ് കബീർ

ശ്രീ. കെ. ബി. ഗണേഷ് കുമാർ

ശ്രീ. സി. കൃഷ്ണൻ

ശ്രീ. എസ്. രാജേന്ദ്രൻ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. പി. ടി. എ. റഹീം

ശ്രീ. രാജു എബ്രഹാം

ശ്രീ. സണ്ണി ജോസഫ്

ശ്രീ. സി. എഫ്. തോമസ്

ശ്രീ. പി. ഉണ്ണി.

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി പി. കെ. ഗിരിജ, അഡീഷണൽ സെക്രട്ടറി

ശ്രീ. പി. ബി. സുരേഷ്കുമാർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ദീപ. വി., അണ്ടർ സെക്രട്ടറി.

# മുഖവുര

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് കേരള വനം വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന ഇക്കോടൂറിസം പദ്ധതികൾ സംബന്ധിച്ച സമിതിയുടെ നാല്പത്തിയൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ജനപങ്കാളിത്തത്തിലൂടെ പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തുന്നതിനും പ്രകൃതി പഠനവും പരിസ്ഥിതി വിദ്യാഭ്യാസവും പുതുതലമുറയ്ക്ക് പകർന്ന് നൽകുന്നതിനും വനവാസികളും തദ്ദേശീയരുമായ ജനവിഭാഗത്തിന്റെ ജീവിതനിലവാരം ഉയർത്തുന്നതിനുമുള്ള ഉത്തമ ഉപാധി എന്ന നിലയിൽ ഇക്കോടൂറിസത്തിന് ആഗോളതലത്തിൽ പ്രാധാന്യം ഏറിവരുന്ന സാഹചര്യത്തിലാണ് പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി, കേരള വനം വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന ഇക്കോടൂറിസം പദ്ധതികളെ സംബന്ധിച്ച് പ്രത്യേക പഠനം നടത്താൻ തീരുമാനിച്ചത്.

പ്രസ്തുത പഠനത്തിന്റെ ഭാഗമായി ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷനുമായി ബന്ധപ്പെട്ട 2014-15-ലെ സി ആന്റ് എജി റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡികകൾ പരിഗണിക്കുന്നതിനായി 7-12-2016, 13-12-2016 തീയതികളിൽ ചേർന്ന യോഗത്തിൽ കോർപ്പറേഷൻ നടപ്പിലാക്കുന്ന ഇക്കോടൂറിസം പദ്ധതികളെ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സമിതി ചർച്ച നടത്തുകയുണ്ടായി. കെ.എഫ്.ഡി.സി.യുടെ ഇക്കോടൂറിസം പദ്ധതി പ്രവർത്തനങ്ങൾ അവലോകനം ചെയ്ത സമിതി അവയുടെ കാലികപ്രസക്തി കണക്കിലെടുത്ത് കൂടുതൽ ആർജ്ജവത്തോടെ പ്രസ്തുത പദ്ധതികൾ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത വിലയിരുത്തുകയും പദ്ധതി നേരിട്ട് കണ്ട് മനസ്സിലാക്കുന്നതിനായി സമിതി 19-12-2016-ന് അരിപ്പ ഇക്കോടൂറിസം പദ്ധതിയും താരതമ്യ പഠനമെന്ന നിലയിൽ സമീപത്തുള്ള സംസ്ഥാനത്തെ ആദ്യ ആസൂത്രിത ഇക്കോടൂറിസം പദ്ധതിയായ തെന്മലയും സന്ദർശിക്കുകയുണ്ടായി. പ്രസ്തുത സന്ദർശനത്തിൽ നിന്നും ചർച്ചകളിൽ നിന്നും സമിതിക്ക് ബോദ്ധ്യപ്പെട്ട വസ്തുതകളെ അടിസ്ഥാനമാക്കിയുള്ള സമിതിയുടെ അഭിപ്രായങ്ങളും ശിപാർശകളും ഉൾപ്പെടുന്നതാണ് ഈ റിപ്പോർട്ട്.

2017, മേയ് 2-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

സി. ദിവാകരൻ,

*അദ്ധ്യക്ഷൻ,*

*പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി*

തിരുവനന്തപുരം,

2017, മേയ് 2.

## റിപ്പോർട്ട്

## കേരള വനം വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന ഇക്കോ ടൂറിസം പദ്ധതികൾ

കിഴക്ക് ഹരിതാഭമായ പശ്ചിമഘട്ട പർവ്വതസാനുക്കളും പടിഞ്ഞാറ് തെങ്ങിൻ തലപ്പാവണിഞ്ഞ അറബിക്കടലോരവും ഇടയ്ക്ക് ജലസമൃദ്ധമായ നദികളും ഒട്ടനവധി തടാകങ്ങളും കായലുകളും ജൈവ വൈവിധ്യമാർന്ന വനങ്ങളും കൊണ്ട് സമ്പന്നമായ കേരളത്തിന് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ടൂറിസം ഭൂപടത്തിൽ സുപ്രധാനമായ സ്ഥാനമാണുള്ളത്. എന്നാൽ ദിശാബോധമില്ലാതെ സാമ്പത്തിക ലാഭം മാത്രം ലക്ഷ്യമാക്കി നടത്തുന്ന ടൂറിസം പ്രോജക്ടുകൾ പ്രകൃതി നശീകരണവും പരിസര മലിനീകരണവും, സാംസ്കാരിക തകർച്ചയും, മാരകരോഗങ്ങളും ക്ഷണിച്ചുവരുത്തുന്നുവെന്ന തിരിച്ചറിവിൽ നിന്നാണ്, സുസ്ഥിരവും പ്രകൃതി സൗഹൃദവുമായ ഇക്കോ ടൂറിസം എന്ന സങ്കല്പം ഉടലെടുക്കുന്നത്.

2. പ്രകൃതിവിഭവങ്ങൾ പരമാവധിപേർക്ക് പരമാവധി ഉപയോഗത്തിൽ പരമാവധിക്കാലം എന്ന ഇക്കോളജിയ തത്വങ്ങൾ പാലിക്കപ്പെടുന്നതിലൂടെ സുസ്ഥിര വികസനം സാധ്യമാക്കുന്നതിനായി പ്രകൃതിക്ക് കോട്ടംതട്ടാതെ പൂർവ്വികർ നമുക്കായി കാത്തുസൂക്ഷിച്ച പ്രകൃതിയെ തനതായ രീതിയിൽ നേരിൽക്കണ്ട് ആസ്വദിക്കുവാനും വിദ്യാർത്ഥികൾക്ക് പ്രകൃതി പഠനം ഒരുക്കുവാനും ഒപ്പം വിനോദസഞ്ചാരത്തിന് ആക്കം കൂട്ടി ആദിവാസികൾക്കും തദ്ദേശവാസികൾക്കും തൊഴിലവസരം സൃഷ്ടിക്കുന്നതിനും ഇക്കോ ടൂറിസത്തിലേക്കുള്ള ചുവടുവയ്പിലൂടെ മാത്രമേ പ്രകൃതി സൗഹാർദ്ദമായ ഒരു ടൂറിസം എന്ന സങ്കല്പം സാക്ഷാത്കരിക്കാനാകൂ. നമുക്ക് വരദാനമായി ലഭിച്ച പ്രകൃതിയെയും പ്രകൃതി വിഭവങ്ങളെയും കുറിച്ച് സമൂഹത്തിലാകെ അവബോധം സൃഷ്ടിക്കുവാനും വനാശ്രിത സമൂഹങ്ങളെയും അവരുടെ അറിവുകളെയും അനുഭവങ്ങളെയും പ്രയോജനപ്പെടുത്തി ദേശമാകെ മലിനീകരണമുക്തമാക്കി വനസമ്പത്തിനെ കാത്തുസൂക്ഷിക്കുവാനും പ്രകൃതിയെ ചൂഷണം ചെയ്യുവാൻ മനുഷ്യരിൽ ഒളിഞ്ഞ് കിടക്കുന്ന വാസനയെ ഒരു പരിധിവരെ ഉന്മൂലനം ചെയ്യുവാനും ഉതകുന്നവയാണ് ഇക്കോടൂറിസം പദ്ധതികൾ. പ്രകൃതിയിലധിഷ്ഠിതവും പാരിസ്ഥിതികവുമായ സുസ്ഥിര വിദ്യാഭ്യാസവും, ബോധവൽക്കരണവും നല്കുന്നതും തദ്ദേശീയർക്ക് ഗുണപ്രദവുമായ വിനോദസഞ്ചാരോപാധിയാണ് ഇക്കോ ടൂറിസം. ഇതിൽ ഒന്നിൽ വരുന്ന കുറവ് ഇക്കോ ടൂറിസത്തെ യാഥാർത്ഥ്യത്തിലേക്ക് നയിക്കുകയില്ല എന്ന പരമാർത്ഥം ഉൾക്കൊണ്ട് വേണം ഇക്കോ ടൂറിസം പദ്ധതികൾ ആവിഷ്കരിക്കേണ്ടത്.

3. വികസനത്തിന്റെയും ടൂറിസത്തിന്റെയും മറവിൽ നടത്തുന്ന പരിസ്ഥിതിയെ ദുർബലമാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പ്രകൃതിയിലെ ആവാസ വ്യവസ്ഥയെയും സംതുലിതാവസ്ഥയെയും തച്ചുടയ്ക്കും. ആയതിനാൽ മനുഷ്യർ മറ്റ് ജീവജാലങ്ങളെയോ അവയുടെ ചുറ്റുപാടിനെയോ നശിപ്പിക്കുവാൻ ശ്രമിക്കുന്നത് മനുഷ്യരാശിയുടെ തന്നെ സർവ്വ നാശത്തിന് കാരണഭൂതമാകുമെന്ന അവബോധമാണ് പ്രകൃതി സംരക്ഷണത്തിനും ജൈവവൈവിധ്യം ഊട്ടിഉറപ്പിക്കുന്നതിനുമുള്ള ഉത്തമമാർഗ്ഗമെന്ന നിലയിൽ ഇക്കോ ടൂറിസമെന്ന അനിവാര്യതയിലേക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളെ നയിച്ചത്.

4. ആധുനിക ലോകം അഭിമുഖീകരിക്കുന്ന യാന്ത്രികതയും ആവർത്തന വിരസതയും താല്കാലികമായെങ്കിലും വിരാമമിട്ട് പ്രകൃതിയുടെ മടിത്തട്ടിലേക്ക് ഗൃഹാതുരത്വത്തോടെ എത്തിപ്പെടാനാഗ്രഹിക്കുന്ന സഞ്ചാരികളുടെ എണ്ണം അനുദിനം വർദ്ധിച്ച് വരികയാണ്. പരമ്പരാഗതമായ കടൽത്തീര ടൂറിസത്തിൽനിന്നും വഴിമാറി കൂടുതൽ ഊർജ്ജസ്വലമായ വനവും വന്യജീവികളുമായി ഇടപഴകി ജീവിക്കുന്ന ജനസമൂഹവും സഞ്ചാരികളെ ഹഠാദാകർഷിക്കുന്നു. ഇക്കോ ടൂറിസത്തിന്റെ അപാര സാധ്യതകളും പാരിസ്ഥിതിക, സാമൂഹിക സാമ്പത്തിക പ്രാധാന്യവും തിരിച്ചറിഞ്ഞ കേരളം തൊണ്ണൂറുകളിൽ ഈ ദിശയിലേക്ക് ശക്തമായ ചുവടുവയ്പ് നടത്തി. തത്ഫലമായാണ് ഭാരതത്തിലെ ആദ്യത്തെ ആസൂത്രിത ഇക്കോ ടൂറിസം പദ്ധതി ടൂറിസം വകുപ്പിനുകീഴിൽ കൊല്ലം ജില്ലയിലെ തെന്മലയിൽ ആരംഭിച്ചത്. തുടർന്ന് വനം വകുപ്പിന്റെ കീഴിൽ നിരവധി ഇക്കോ ടൂറിസം പദ്ധതികൾ ആരംഭിക്കുകയുണ്ടായി.

5. കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ വൈവിധ്യവല്ക്കരണത്തിന്റെ ഭാഗമായി 2001-ൽ പത്തനംതിട്ടയിലെ ഗവി ഡിവിഷനിലാണ് ആദ്യമായി ഇക്കോടൂറിസം പദ്ധതി ആരംഭിച്ചത്. ഗവിയിലെ ഉദ്യമം വിജയകരമായതിനെത്തുടർന്ന് ഇക്കോ ടൂറിസം പദ്ധതി കൂടുതൽ പ്രദേശങ്ങളിലേക്ക് പരിസ്ഥിതിക്ക് തെല്ലും കോട്ടം തട്ടാത്ത വിധത്തിൽ വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മൂന്നാർ ഡിവിഷനിലെ സൈലന്റ്‌വാലിയിലും റോഡോവാലിയിലും തിരുവനന്തപുരം ഡിവിഷനിലെ അരിപ്പയിലും കല്ലാറിലും തൃശ്ശൂർ ഡിവിഷനിലെ നെല്ലിയാമ്പതിയിലും ഇക്കോ ടൂറിസം പദ്ധതികൾ ആരംഭിക്കുകയുണ്ടായി. കൂടാതെ മൂന്നാറിലെ പുഷ്പോദ്യാനവും വാഗമണിലെ ഓർക്കിഡേറിയവും പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായി മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്നു.

6. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ 7-12-2016-ൽ ചേർന്ന യോഗത്തിൽ ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷനുമായി ബന്ധപ്പെട്ട സി. ആന്റ് എ.ജി.-യുടെ 2014-15 വർഷത്തെ ഓഡിറ്റ് ഖണ്ഡികകൾ പരിഗണിക്കവെ കെ.എഫ്.ഡി.സി. നടപ്പിലാക്കുന്ന ഇക്കോടൂറിസം പദ്ധതികളെ

സംബന്ധിച്ച് ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഉദ്യോഗസ്ഥരുമായി സമിതി വിശദമായി ചർച്ച നടത്തുകയും കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ നടപ്പിലാക്കുന്ന ഇക്കോടൂറിസം പദ്ധതികളെ സംബന്ധിച്ച് പ്രത്യേക പഠനം നടത്താൻ തീരുമാനിക്കുകയുമുണ്ടായി. പ്രസ്തുത യോഗത്തിൽ കെ.എഫ്.ഡി.സി.യുടെ ഇക്കോടൂറിസം സെന്ററുകളായ മൂന്നാർ, ഗവി, അരിപ്പ, മാനന്തവാടി, നെല്ലിയാമ്പതി, വാഗമൺ എന്നിവിടങ്ങളിലെ ഇക്കോടൂറിസം പദ്ധതികളെ സംബന്ധിച്ച് ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ എം.ഡി. യുമായി സമിതി ചർച്ച നടത്തുകയും പ്രവർത്തനം വിലയിരുത്തുകയും ചെയ്തിരുന്നു.

7. കേരള വനം വികസന കോർപ്പറേഷന്റെ വിവിധ ഇക്കോ ടൂറിസം സെന്ററുകളിലെ നിലവിലുള്ള താമസസൗകര്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ സമിതി വിലയിരുത്തി.

(i) ഗവി

ഗവിയിൽ 2 തരം പ്രോഗ്രാമുകളാണ് സന്ദർശകർക്കായി ഒരുക്കിയിട്ടുള്ളത്:

(എ) <u>സ്റ്റേ പാക്കേജ് പ്രോഗ്രാം</u>: ഗ്രീൻ മാൻഷൻ ലോഡ്ജിൽ 11 മുറികളും 28 കിടക്കകളും ലഭ്യമാണ്. ഏഴ് സ്വിസ് കോട്ടേജ് ടെന്റുകളും ആയവയിൽ 14 കിടക്കകളും ഉണ്ട്. വാലിവ്യൂ, മീനാർ എന്നിവിടങ്ങളിൽ രണ്ട് ജംഗിൾ ക്യാമ്പുകളുമുണ്ട്. ഓരോ ക്യാമ്പിലും പരമാവധി 10 പേരെ ടെന്റുകളിൽ താമസിപ്പിക്കുന്നു. സ്റ്റേ പാക്കേജ് പ്രോഗ്രാമുകളിൽ താമസത്തിനും ഭക്ഷണത്തിനും പുറമേ ഗവി തടാകത്തിലെ ബോട്ടിംഗ്, വാഹന സഫാരി, ഏലം-കാപ്പി തോട്ടങ്ങളിലേക്കുള്ള സന്ദർശനം, ഏലം ക്യൂവറിംഗ് സെന്റർ സന്ദർശനം, ശബരിമല വ്യൂ പോയിന്റിലേക്കുള്ള ട്രെക്കിംഗ്, പരിശീലനം സിദ്ധിച്ച ഗൈഡുകളുടെ സേവനം എന്നിവ ലഭ്യമാണ്.

(ബി) <u>ഡേ പാക്കേജ് പ്രോഗ്രാം</u>: രാവിലെ 8 മണിക്ക് തുടങ്ങി വൈകുന്നേരം 5 മണിക്ക് അവസാനിക്കുന്നു. ഭക്ഷണം, ഗവി തടാകത്തിലെ ബോട്ടിംഗ്, ഏലം-കാപ്പി തോട്ടങ്ങളിലേക്കുള്ള സന്ദർശനം, ഏലം ക്യൂവറിംഗ് സെന്റർ സന്ദർശനം, ശബരിമല വ്യൂ പോയിന്റിലേക്കുള്ള ട്രെക്കിംഗ്, പരിശീലനം സിദ്ധിച്ച ഗൈഡുകളുടെ സേവനം എന്നിവ ഡേ പാക്കേജ് പ്രോഗ്രാമിലും ലഭ്യമാണ്.

ഗവിയിലെ സ്റ്റേ പാക്കേജ്/ഡേ പാക്കേജ് പ്രോഗ്രാമുകൾക്ക് ഓൺലൈൻ ബുക്കിംഗ് സംവിധാനം ലഭ്യമാണ്.

(ii) കൊച്ചുപമ്പ

സന്ദർശകർക്ക് കൊച്ചുപമ്പ തടാകത്തിൽ ബോട്ടിംഗിനുള്ള സൗകര്യം 2013-14 മുതൽ ഒരുക്കിയിട്ടുണ്ട്. 2014-15-ൽ കൊച്ചുപമ്പയിൽ ഒരു റിസപ്ഷൻ-കം അമിനിറ്റി സെന്ററും സ്ഥാപിച്ചിട്ടുണ്ട്. അവിടെ സന്ദർശകർക്ക് ഭക്ഷണ സൗകര്യവും ലഭ്യമാണ്.

(iii) മൂന്നാറിലെ സൈലന്റ്വാലിയും റോഡോവാലിയും

2001 മുതൽ പകൽ സമയ ട്രെക്കിംഗ് പ്രോഗ്രാമും ടെന്റുകളിലുള്ള ക്യാമ്പിംഗും മൂന്നാറിലെ സൈലന്റ്വാലിയിൽ നടപ്പാക്കി തുടങ്ങി. 20 ടെന്റുകൾ (40 ബെഡ്) ആണ് ഇവിടുള്ളത്. 2006-ൽ സൈലന്റ്വാലിയിൽ ഒരു മുറിയുള്ള സ്കൈ കോട്ടേജ് കെട്ടിടം നിർമ്മിച്ചു. പരമാവധി 4 പേർക്കുള്ള താമസസൗകര്യമാണ് സ്കൈ കോട്ടേജിലുള്ളത്. 2013-14-ൽ സൈലന്റ്വാലിയിലെ റോഡോവാലി ഭാഗത്ത് സാമൂഹിക വനവല്ക്കരണ വിഭാഗം പണികഴിപ്പിച്ച ഉപയോഗമില്ലാതെ കിടന്നിരുന്ന 3 കെട്ടിടങ്ങൾ കെ.എഫ്.ഡി.സി. ഏറ്റെടുത്ത് പുനരുദ്ധാരണം നടത്തി. 2 കെട്ടിടങ്ങളിൽ 8 മുറികൾ താമസത്തിനായി ഒരുക്കിയിട്ടുള്ളതാണ് (18 ബെഡ്). ടി കെട്ടിടങ്ങൾ 'റോഡോ മാൻഷൻ' എന്ന് അറിയപ്പെടുന്നു. ഒരു കെട്ടിടം അടുക്കള-ഡൈനിംഗ് ഹാളായി ഉപയോഗിക്കുന്നു. റോഡോ മാൻഷൻ 1-11-2014 മുതൽ സന്ദർശകർക്കായി തുറന്നു നൽകിയിട്ടുള്ളതാണ്. 1-11-2014-ൽ റോഡോമാൻഷനും കൂടി ഉപയോഗത്തിൽ വന്നതിനെ തുടർന്ന് മുമ്പ് നടത്തി വന്നിരുന്ന പകൽ സമയ ട്രെക്കിംഗ് മാത്രമായി ഉണ്ടായിരുന്ന പ്രോഗ്രാം നിർത്തലാക്കി. ഇപ്പോൾ ഇവിടെ സ്റ്റേ പ്രോഗ്രാമുകൾ മാത്രമാണ് നടത്തി വരുന്നത്. ടെന്റുകളിലും സ്കൈ കോട്ടേജിലും, റോഡോമാൻഷനിലും താമസിക്കുന്ന ടൂറിസ്റ്റുകൾക്ക് ഭക്ഷണം, മീശപുലി മലയിലേക്കുള്ള ട്രെക്കിംഗ്, ഗൈഡുകളുടെ സേവനം എന്നിവ നൽകുന്നു. സൈലന്റ്വാലി ബേസ് ക്യാമ്പിലെ ടെന്റുകളിലെയും, സ്കൈ കോട്ടേജിലെയും താമസക്കാരായ ടൂറിസ്റ്റുകൾക്കായി ഒരു അടുക്കള-ഡൈനിംഗ് ഹാൾ കെട്ടിടവുമുണ്ട്. സ്കൈ കോട്ടേജിനും, ടെന്റുകൾക്കും, അടുക്കള-ഡൈനിംഗ് ഹാൾ കെട്ടിടത്തിനും വൈദ്യുതി ലഭ്യമാക്കിയിരിക്കുന്നത് കോർപ്പറേഷന്റെ സ്വന്തമായ മൈക്രോ ഹൈഡൽ പദ്ധതിയിൽ നിന്നാണ്. റോഡോമാൻഷനിലും അതിനോടനുബന്ധിച്ചുള്ള അടുക്കള-ഡൈനിംഗ് ഹാളിലും സോളാർ പവർ സിസ്റ്റം സ്ഥാപിച്ചിട്ടുണ്ട്. റോഡോ മാൻഷനിലും സ്കൈ കോട്ടേജിലും സോളാർ വാട്ടർ ഹീറ്ററുകളും സ്ഥാപിച്ചിട്ടുണ്ട്. മൂന്നാറിലെ എല്ലാ സ്റ്റേ പ്രോഗ്രാമുകൾക്കും ഓൺലൈൻ ബുക്കിംഗ് സൗകര്യം ലഭ്യമാണ്.

(iv) മൂന്നാറിലെ ഫ്ളോറികൾച്ചർ സെന്റർ

മൂന്നാറിലെ ഫ്ളോറികൾച്ചർ സെന്ററിൽ ഒരു അമിനിറ്റി സെന്ററും ഒരു ഇക്കോട്ടൂറിസം ഫെസിലിറ്റേഷൻ സെന്ററും പ്രവർത്തിച്ചു വരുന്നു. അമിനിറ്റി സെന്ററിൽ ശുചി മുറികളും ഒരു ഇക്കോ ഷോപ്പും ഉണ്ട്. 23 തദ്ദേശീയരായ തൊഴിലാളികൾക്ക് സ്ഥിരമായി തൊഴിൽ ലഭിക്കുന്നുണ്ട്.

(v) വാഗമണ്ണിലെ ഓർക്കിഡേറിയം & ഫ്ളോറികൾച്ചർ പ്രോജക്ട്

2013-14-ൽ പണികൾ ആരംഭിച്ചു. 24-8-2015-ൽ ബഹു. കേരള മുഖ്യമന്ത്രി ഉദ്ഘാടന കർമ്മം നിർവഹിച്ച് സന്ദർശകർക്കായി തുറന്നു നൽകി.

(vi) അരിപ്പ

2007-08-ൽ അരിപ്പയിലെ കെ.എഫ്.ഡി.സി.യുടെ റെസ്റ്റ് ഹൗസായിരുന്ന ജ്യോതിസ്മൃതി റെസ്റ്റ് ഹൗസ് പുതുക്കി സന്ദർശകർക്കായി തുറന്ന് നൽകി. ഈ ടെന്റുകൾ 'ശങ്കിലി മാൻഷൻ' എന്ന പേരിൽ അറിയപ്പെടുന്നു. ഇവിടെ അടുക്കള-ഡൈനിംഗ് ഹാൾ സൗകര്യവും, ശുചി മുറി സൗകര്യവും ഉണ്ട്. അരിപ്പയിൽ തന്നെ നശിച്ചു കിടന്നിരുന്ന ഒരു പഴയ കെട്ടിടം നന്നാക്കി 4 മുറികൾ സന്ദർശകർക്കായി 13-1-2015-ൽ തന്നെ ഉദ്ഘാടന കർമ്മം നിർവ്വഹിച്ച് തുറന്ന് കൊടുത്തിട്ടുള്ളതാണ്. ടി കെട്ടിടം 'കമ്പകം മാൻഷൻ' എന്ന പേരിൽ അറിയപ്പെടുന്നു. അരിപ്പയിലെ ടൂറിസ്റ്റുകൾക്ക് ഭക്ഷണം, പരിശീലനം സിദ്ധിച്ച ഗൈഡുകളുടെ സേവനത്തോടെയുള്ള ട്രെക്കിംഗ് എന്നിവ നൽകി വരുന്നു.

(vii) കല്ലാർ

വനം വകുപ്പിൽനിന്നും കൈമാറി കിട്ടിയ ഒരു പഴയ കെട്ടിടം പുനരുദ്ധരിച്ച് 3 മുറികളും അടുക്കളയും, ഡൈനിംഗ് ഹാളുമായി 13-1-2015-ൽ ടൂറിസ്റ്റുകൾക്കായി തുറന്നു നൽകി. ഇത് പൊൻമുടി റൂട്ടിൽ സ്ഥിതി ചെയ്യുന്നു. ടൂറിസ്റ്റുകൾക്ക് താമസ-ഭക്ഷണ സൗകര്യങ്ങൾ ലഭ്യമാണ്.

(viii) നെല്ലിയാമ്പതി

2 മുറികളുള്ള ഒരു കെട്ടിടം 26-1-2013 -ൽ ടൂറിസ്റ്റുകൾക്കായി തുറന്നു നൽകി. 2016 -ൽ രണ്ട് ടെന്റുകളും കൂടി സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ എത്തുന്ന വിനോദ സഞ്ചാരികൾക്ക് താമസം, ഭക്ഷണം, വാഹന സഫാരി, ഏലം-കാപ്പി തോട്ടങ്ങളിലേക്കുള്ള സന്ദർശനം, ഗൈഡുമാരോടൊത്തുള്ള ട്രെക്കിംഗ് എന്നീ സേവനങ്ങൾ നൽകി വരുന്നു.

8. കെ.എഫ്.ഡി.സി. നടപ്പിലാക്കി വരുന്ന മേൽപ്പറഞ്ഞ ഇക്കോട്ടൂറിസം പദ്ധതികൾ കെ.എഫ്.ഡി.സി.യുടെ 2015-16 മുതൽ 2019-20 വരെയുള്ള മാനേജ്മെന്റ് പ്ലാനിൽ

വിശദീകരിച്ചിട്ടുള്ളവയാണെന്നും പ്രസ്തുത മാനേജ്മെന്റ് പ്ലാനിന് കേന്ദ്രസർക്കാരിൽ നിന്നും കേന്ദ്രവനസംരക്ഷണ നിയമത്തിന്റെ സെക്ഷൻ 2 പ്രകാരം 13-10-2015-ൽ അനുമതി ലഭിച്ചിട്ടുള്ളതാണെന്നും കെ.എഫ്.ഡി.സി.യുടെ ഇക്കോടൂറിസം പദ്ധതികളെല്ലാം തികച്ചും പരിസ്ഥിതി സൗഹൃദമാണെന്നും സമിതി വിലയിരുത്തി. മൂന്നാറിലെ ഫ്ളോറികൾച്ചർ സെന്ററും, വാഗമണ്ണിലെ ഓർക്കിഡേറിയം-കം-ഫ്ളോറികൾച്ചർ പ്രോജക്ടും മുഖ്യമായും വിജ്ഞാന വ്യാപന സെന്ററുകളാണെന്നും ഗവി, മൂന്നാർ ഡിവിഷനുകളിൽ ഇക്കോടൂറിസം പദ്ധതികൾ വളരെയധികം ജനകീയമായിക്കഴിഞ്ഞുവെന്നും പ്രസ്തുത പദ്ധതികളുമായി താരതമ്യപ്പെടുത്തുമ്പോൾ കുറഞ്ഞ തോതിലാണെങ്കിലും തൃശ്ശൂർ ഡിവിഷനിലെ നെല്ലിയാമ്പതിയിലും തിരുവനന്തപുരം ഡിവിഷനിലെ അരിപ്പ, കല്ലാർ എന്നിവിടങ്ങളിലും പ്രകൃതിസ്നേഹികളായ സന്ദർശകർക്ക് കാട് ചുറ്റി സഞ്ചരിച്ച് ശരിയായ പ്രകൃതി പഠനം നടത്തുന്നതിനുള്ള അവസരം ലഭ്യമാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

9. കേരള വനം വികസന കോർപ്പറേഷന്റെ ഇക്കോടൂറിസം പദ്ധതികളുടെ നടത്തിപ്പും വിപുലീകരണവും പരിസ്ഥിതി ആഘാതവും സംബന്ധിച്ച് 13-12-2016-ലെ യോഗത്തിൽ സമിതി വനം വന്യജീവി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുമായി വിശദമായി ചർച്ച നടത്തുകയുണ്ടായി. കെ.എഫ്.ഡി.സി.ക്ക് കൃഷിയിൽനിന്നും ലഭിക്കുന്നതിനേക്കാൾ ലാഭം ഇക്കോടൂറിസം പദ്ധതികളിൽ നിന്നും ലഭിക്കുന്നുവെന്നും കൂടുതൽ തദ്ദേശവാസികൾക്ക് നിയമനം നൽകാൻ കഴിയുമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. ഇക്കോടൂറിസമെന്ന പേരിൽ വാണിജ്യാടിസ്ഥാനത്തിലുള്ള ടൂറിസമാണ് ഇപ്പോൾ നടക്കുന്നതെന്നും വനനശീകരണത്തിലേക്ക് നയിക്കുന്ന ഇത്തരം കേന്ദ്രങ്ങൾ നിയന്ത്രണ വിധേയമാക്കണമെന്നും പാലരുവിപോലുള്ള പ്രദേശങ്ങൾ നാശോന്മുഖമാകുകയാണെന്നും സമിതി നിരീക്ഷിച്ചു. കൃഷി നടത്താൻ കഴിയാതെ, കാടുപിടിച്ച് കിടക്കുന്ന കെ.എഫ്.ഡി.സി.-യുടെ ഉടമസ്ഥതയിലുള്ള പ്രദേശങ്ങൾ വെട്ടിത്തെളിച്ച് ഇക്കോടൂറിസത്തിനായി ഉപയോഗിക്കാനാകുമോയെന്ന് പരിശോധിക്കണമെന്നും പരിസ്ഥിതിക്ക് ആഘാതം വരാത്തവിധത്തിൽ സാധ്യതാ പഠനം നടത്തിയശേഷം പദ്ധതികൾ ആവിഷ്കരിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. എല്ലാ സെന്ററുകളിലും സന്ദർശകരുടെ എണ്ണം വർദ്ധിച്ചുവരുന്നതിനാൽ അതനുസരിച്ചുള്ള പരിസ്ഥിതി സൗഹൃദമായ സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്നും സമിതി ആവശ്യപ്പെടുകയുണ്ടായി.

10. ഇക്കോടൂറിസം പദ്ധതികളെ സംബന്ധിച്ച പഠനത്തിന്റെ ഭാഗമായി സമിതി കൊല്ലം ജില്ലയിലെ അരിപ്പ ഇക്കോടൂറിസം പദ്ധതി പ്രദേശം സന്ദർശിച്ച് പ്രദേശത്ത് നടപ്പാക്കുന്ന ഇക്കോടൂറിസം പദ്ധതികൾ വിലയിരുത്തുന്നതിനായി അരിപ്പയുടെ സമീപമുള്ള ഇന്ത്യയിലെ ആദ്യത്തെ ആസൂത്രിത ഇക്കോടൂറിസം പദ്ധതിയായ തെന്മല

ഇക്കോടൂറിസം പദ്ധതി താരതമ്യ പഠനത്തിനായി തെരഞ്ഞെടുക്കുകയും 19-12-2016-ന് തെന്മലയിലെ ഫോറസ്റ്റ് ഇൻഫർമേഷൻ സെന്ററിൽ യോഗം ചേരുകയുമുണ്ടായി. പ്രസ്തുത യോഗത്തിൽ ഇക്കോടൂറിസം പദ്ധതി സംബന്ധിച്ച് വനം-വന്യജീവി വകുപ്പ് ലഭ്യമാക്കിയ കുറിപ്പുകൾ സമിതി പരിശോധിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിവരങ്ങൾ ആരായുകയും യോഗാനന്തരം തെന്മല ഇക്കോടൂറിസം പദ്ധതി പ്രദേശവും അരിപ്പ ഇക്കോടൂറിസം പദ്ധതി പ്രദേശവും സന്ദർശിക്കുകയുമുണ്ടായി. പ്രകൃതിയെ സംരക്ഷിച്ചുകൊണ്ടുള്ള വിനോദ സഞ്ചാരം ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ പരിസ്ഥിതിയെ അടിസ്ഥാനമാക്കി സംസ്ഥാനത്ത് ആദ്യമായി രൂപീകരിച്ച തെന്മല ഇക്കോടൂറിസം പദ്ധതി വിദ്യാർത്ഥികൾക്ക് പ്രകൃതി പഠനത്തിനുള്ള സൗകര്യം ഒരുക്കുക, തദ്ദേശീയരായ വനവാസികൾക്ക് തൊഴിലവസരം സൃഷ്ടിക്കുക, അവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള സുസ്ഥിര വിനോദ സഞ്ചാര വികസനത്തിന് ഊന്നൽ നൽകുക എന്നിവയ്ക്ക് വേണ്ടത്ര പ്രധാന്യം കൊടുത്ത് മുന്നോട്ട് പോകുന്ന പദ്ധതിയാണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

11. തെന്മല ഇക്കോടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ ബോർഡ് അംഗങ്ങൾ വനം-വന്യജീവി, ജലവിഭവ-ജലവിതരണം, ടൂറിസം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരും ബോർഡ് ചെയർമാൻ ടൂറിസം വകുപ്പ് മന്ത്രിയുമാണെന്നും ഈ ബോർഡിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ചെയർമാൻ ടൂറിസം വകുപ്പിന്റെ സെക്രട്ടറിയുമാണെന്നും വനാശ്രിത സമൂഹങ്ങളെ ഉൾപ്പെടുത്തി സൊസൈറ്റി ആക്ട് അനുസരിച്ച് വനസംരക്ഷണ സമിതികൾ തെന്മലയിൽ രൂപീകരിച്ചിട്ടുണ്ടെന്നും സമിതിയുടെ പ്രസിഡന്റായി തദ്ദേശീയവാസികളിൽ ഒരാളും, സെക്രട്ടറിയായി വനം വന്യജീവി വകുപ്പിലെ ഉദ്യോഗസ്ഥനും ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അദ്ധ്യക്ഷനുമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ദേശീയ വനനയത്തിനനുസൃതമായി ഇക്കോടൂറിസം പദ്ധതികൾ ടൂറിസം വകുപ്പുമായി ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചതായും ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷന്റെയും ടൂറിസം വകുപ്പിന്റെയും നോഡൽ ഓഫീസറായി ഇക്കോടൂറിസം ഡയറക്ടറെ നിയമിച്ചതായും സമിതി മനസ്സിലാക്കി. ആസൂത്രിത വിനോദ സഞ്ചാര മേഖലയായ തെന്മലയിൽ നടപ്പാതകൾ, ശില്പോദ്യാനം, തൂക്ക്പാലം എന്നിവ അടങ്ങുന്ന ലഷർസോൺ; എലിവേറ്റഡ് വാക്ക്‌വേ, 25-ഓളം സാഹസിക വിനോദങ്ങൾ എന്നിവ അടങ്ങുന്ന അഡ്വഞ്ചർ സോൺ; നക്ഷത്രവനം, ചിത്രശലഭ സഫാരി, ആംഫി തിയേറ്റർ, മ്യൂസിക്കൽ ഡാൻസിംഗ് ഫൗണ്ടൻ തുടങ്ങിയവ അടങ്ങുന്ന കൾച്ചർ സോൺ; ചെന്തുരുണി വന്യജീവി സങ്കേതത്തിലൂടെയുള്ള ബോട്ടിംഗ്, മാൻ പുനരധിവാസ കേന്ദ്രം, സോഫ്റ്റ് ട്രക്കിംഗ്, ടെൻഡ് ക്യാമ്പുകൾ എന്നിവ ഉൾപ്പെടുന്നുണ്ടെങ്കിലും വേണ്ടത്ര വിനോദ സഞ്ചാരികൾ തെന്മലയിൽ എത്തുന്നില്ലെന്ന് സമിതി നിരീക്ഷിച്ചു. മതിയായ ഫണ്ടില്ലാത്തതിനാൽ

മാർക്കറ്റിംഗ് വിപുലപ്പെടുത്തുവാൻ സാധിക്കുന്നില്ലെന്നും, വനത്തിനുള്ളിലെ സഫാരിയും ട്രക്കിംഗ് പ്രോഗ്രാമും കൂടുതൽ ആകർഷകമാക്കി അവതരിപ്പിച്ചാൽ വിനോദ സഞ്ചാരികളുടെ പ്രത്യേകിച്ച് വിദേശികളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ സാധിക്കുമെന്നും സമിതി വിലയിരുത്തി.

12. 1995-ൽ തെന്മല ഇക്കോടൂറിസം പദ്ധതി ആവിഷ്കരിക്കുമ്പോൾ ചെന്തുരുണി, അച്ചൻകോവിൽ, അരിപ്പ, പൊന്മുടി തുടങ്ങിയ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് ഇക്കോടൂറിസം വികസിപ്പിക്കുക എന്നുള്ളതായിരുന്നു പദ്ധതിയുടെ ബൃഹദ് ലക്ഷ്യമെന്നും എന്നാൽ ഈ സ്ഥലങ്ങളെല്ലാം വനത്തിനുള്ളിൽ ആയതുകൊണ്ടും നിയമാനുസൃതം ധാരാളം ടൂറിസ്റ്റുകളെ വനത്തിനുള്ളിലേക്ക് കൊണ്ടുപോകുവാൻ സാധിക്കാത്തതുകൊണ്ടും ഇക്കോടൂറിസത്തിന് സമാനമായ ഒരു അന്തരീക്ഷം വനത്തിന് പുറത്ത് സൃഷ്ടിച്ച് വിനോദ സഞ്ചാരികളെ ആകർഷിക്കുകയാണ് ചെയ്തുവരുന്നതെന്നും ഇക്കോടൂറിസം പദ്ധതി നടപ്പിലാക്കിയിട്ടുള്ള മറ്റ് സ്ഥലങ്ങളിലെല്ലാം വനം വകുപ്പാണ് അത് നടപ്പിലാക്കുന്നത് എന്നും ആയതിനാൽ ഇക്കോടൂറിസം പദ്ധതി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ സൊസൈറ്റിക്ക് സാധിച്ചില്ലെന്നും തെന്മലയിൽ മാത്രമായി പരിമിതപ്പെടുത്തിയെന്നും സമിതി മനസ്സിലാക്കി. തദ്ദേശവാസികളുടെ പങ്കാളിത്തത്തോടെ വനസംരക്ഷണം ഉറപ്പ് വരുത്തുക എന്ന 1988-ലെ ദേശീയവന നയം കേരളത്തിൽ പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായാണ് ഇക്കോടൂറിസം പദ്ധതി തെന്മലയിൽ നടപ്പിലാക്കിയത് എന്നും വനം വകുപ്പും ജലസേചന വകുപ്പും തമ്മിലുള്ള കരാറിന്റെ ഉപകരാറുപോലെയാണ് ഭൂമി സൊസൈറ്റിക്ക് ഉപയോഗിക്കുവാനുള്ള ഉത്തരവ് തയ്യാറാക്കിയിരിക്കുന്നതെന്നും സമിതി മനസ്സിലാക്കി.

13. തുടർന്ന് അരിപ്പ ഇക്കോടൂറിസം പദ്ധതി സംബന്ധിച്ച വിശദവിവരങ്ങൾ സമിതി ആരാഞ്ഞു. തദ്ദേശീയരായ വനവാസികളുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും ജീവിത നിലവാരം ഉയർത്തുന്നതിനും വേണ്ടിയാണ് 2005-ൽ അരിപ്പയിലുള്ള ഗസ്റ്റ്ഹൗസ് കേന്ദ്രീകരിച്ച് ചെറിയതോതിൽ ഇക്കോടൂറിസം പദ്ധതി ആവിഷ്കരിച്ചതെന്നും തുടർന്ന് 2008-ൽ 15 ആദിവാസികളും 3 തദ്ദേശീയരും ഉൾപ്പെട്ട 18 പേർക്ക് ഗൈഡ് പരിശീലനം നൽകിയിട്ടുണ്ടെന്നും ഇക്കോടൂറിസം ഡയറക്ടർ അറിയിച്ചു. ടൂറിസം വകുപ്പിൽ നിന്നും 2012-2014 കാലയളവിൽ ലഭിച്ച 58.5 ലക്ഷം രൂപ വിനിയോഗിച്ച് അരിപ്പയിൽ 5 ടെന്റുകൾ ഉൾപ്പെടെ ഒരു ക്യാമ്പിംഗ് സൈറ്റും എട്ട് പേർക്ക് താമസിക്കാവുന്ന നാല് സ്യൂട്ടുകളും നിലവിലുള്ള അരിപ്പ ഗസ്റ്റ്ഹൗസിൽ 7 പേർക്ക് താമസിക്കാവുന്ന വിധത്തിൽ മൂന്ന് മുറികളോടുകൂടി നവീകരിച്ചെന്നും ക്യാമ്പ് സൈറ്റ് ആരംഭിച്ചതിനുശേഷം സഞ്ചാരികളുടെ പ്രത്യേകിച്ച് വിദേശികളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടെന്നും ആയതിനാൽ ക്യാമ്പ് സൈറ്റുകളുടെ എണ്ണം വിപുലപ്പെടുത്തിയാൽ

വിദേശികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാവാമെന്നും ഇക്കോടൂറിസം ഡയറക്ടർ സമിതിയെ ധരിപ്പിച്ചു. അരിപ്പ ഇക്കോടൂറിസം പദ്ധതി പ്രദേശത്ത് കൂടുതൽ ക്യാമ്പ് സൈറ്റുകൾ ആരംഭിക്കുന്നത് അഭികാമ്യമാണെന്ന് സമിതി അഭിപ്രായപ്പെട്ടു. സമിതിക്ക് ലഭ്യമാക്കിയ കുറിപ്പിൽ സൂചിപ്പിച്ചിട്ടുള്ള ഗൈഡോടുകൂടിയ പക്ഷിനിരീക്ഷണം, വന്യജീവി നിരീക്ഷണം, ശീതീകരിച്ച ജ്യോതിസ്മൃതി ഹിൽടോപ്പ് ബംഗ്ലാവിൽ ഭക്ഷണം ഉൾപ്പെടെയുള്ള താമസം എന്നീ സൗകര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്, വനം വികസന കോർപ്പറേഷന്റെ വേണ്ടത്ര വികസനമെത്താത്ത ടൂറിസം പദ്ധതിയാണ് അരിപ്പയെന്നും എന്നാൽ 2001-ൽ ഇക്കോടൂറിസം ആരംഭിച്ച ശേഷം കഴിഞ്ഞ സാമ്പത്തിക വർഷം 5318 വിദേശികൾ സന്ദർശിച്ചിട്ടുണ്ടെന്നും അദ്ദേഹം തുടർന്നറിയിച്ചു.

14. അരിപ്പ ഇക്കോടൂറിസം തുടങ്ങി എട്ട് വർഷത്തോളമായിട്ടും വിദേശീയരായ സഞ്ചാരികൾ പദ്ധതി പ്രദേശം സന്ദർശിച്ചിട്ടില്ലെന്നും ഇക്കാര്യം സംബന്ധിച്ച് കോർപ്പറേഷൻ ശ്രദ്ധ ചെലുത്തുകയോ പഠനം നടത്തുകയോ ചെയ്തിട്ടില്ലെന്നും പൊതുവെ പദ്ധതിയുടെ വികസനം മുരടിച്ച അവസ്ഥയിലാണെന്നും സമിതി അഭിപ്രായപ്പെട്ടു. പ്രസ്തുത സ്ഥലത്തെ നാണ്യവിളകളുടെ ഉൽപ്പാദനം സംസ്ഥാന ശരാശരിയിൽ താഴെയാണെന്നും സമിതി വിലയിരുത്തി. ഓരോ നാണ്യവിളയും വെവ്വേറെ കോർപ്പറേഷനുകൾ രൂപീകരിച്ചിട്ടുള്ളതിനാൽ ഇക്കോടൂറിസം പൂർണ്ണമായും ഒരു യൂണിറ്റിന്റെ കീഴിൽ കൊണ്ടുവരേണ്ടതാണെന്നും കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നത് കേരള സ്റ്റേറ്റ് ഫോറസ്റ്റ് ആന്റ് ഇക്കോടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ എന്ന് മാറ്റണമെന്നും സമിതി അഭിപ്രായപ്പെട്ടു.

15. ഭാവിയിൽ ഇക്കോടൂറിസത്തിന് സംസ്ഥാനത്ത് വളരെ വലിയ സാധ്യതകളാണുള്ളതെന്ന് വിലയിരുത്തിയ സമിതി ഭാവിയിലെ സാധ്യതകൾ മുൻകൂട്ടി കാണുന്നതിനുള്ള കൃത്യമായ മാനേജ്മെന്റോ ശാസ്ത്രീയ സമീപനമോ കാഴ്ചപ്പാടോ ഇല്ലാതെയാണ് വനം വികസന കോർപ്പറേഷൻ മുന്നോട്ട് പോകുന്നതെന്നും ആയതിനാൽ ഇക്കോടൂറിസം മികച്ച രീതിയിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ കോർപ്പറേഷൻ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

16. നാണ്യവിളകളുടെ വിലയില്ലുണ്ടായ ഇടിവ്മൂലം വരുമാനം വളരെ കുറഞ്ഞുപോയതിനാലാണ് ആദിവാസികളെ ഉൾപ്പെടുത്തി വാട്ടർ/സോയിൽ കൺസർവേഷൻ ഉറപ്പുവരുത്തി പ്രകൃതിയെ സംരക്ഷിച്ചുകൊണ്ട് ഇക്കോ-ടൂറിസം മേഖലയിലേക്ക് കോർപ്പറേഷൻ ശ്രദ്ധ കേന്ദ്രീകരിച്ചതെന്നും 'ഗാന്ധി സ്മൃതിവനം' പദ്ധതിക്കായി കണ്ടെത്തിയ ഭൂമി ലഭ്യമാക്കാൻ സാധിക്കാത്തത് അവിടെ താമസിക്കുന്ന ജനങ്ങളെ ഒഴിപ്പിക്കാൻ കഴിയാത്തത് കൊണ്ടാണെന്നും ഇക്കോ-ടൂറിസത്തിനായി ഒരു

പ്രത്യേകം നയം ഉണ്ടാക്കേണ്ടത് അനിവാര്യമാണെന്നും ടൂറിസം സെക്രട്ടറിയുമായി പ്രസ്തുത വിഷയം ചർച്ച ചെയ്തിരുന്നെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമിതിയെ അറിയിച്ചു.

17. ഇക്കോട്ടൂറിസത്തിന്റെ പ്രധാന ലക്ഷ്യം ലാഭമുണ്ടാക്കുകയെന്നതല്ലെന്നും വനത്തിന് കോട്ടം തട്ടാതെ പ്രകൃതി പഠനത്തിനുള്ള സൗകര്യം ഒരുക്കുകയും തദ്ദേശവാസികൾക്ക് ജോലി നൽകുകയുമാണെന്നും ആയതിനായി വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി കൂടുതൽ ക്യാമ്പുകൾ ആരംഭിക്കണമെന്നും ഓരോ പ്രാവശ്യവും, ഒരു ദിവസം ഒരു സമയത്ത് പ്രവേശിപ്പിക്കാവുന്ന സന്ദർശകരുടെ എണ്ണം ഉൾപ്പെടെ വിശദമായ പരിസ്ഥിതി ആഘാത പഠനവും സാധ്യതാ പഠനവും നടത്തി പദ്ധതി ഫലപ്രദമായി മുന്നോട്ട് കൊണ്ടുപോകുന്നതു സംബന്ധിച്ച് അവലോകനം ചെയ്യണമെന്നും ഇപ്പോൾ വാണിജ്യാടിസ്ഥാനത്തിലുള്ള ടൂറിസമാണ് നടക്കുന്നതെന്നും അത് ഇക്കോട്ടൂറിസമായി പരിവർത്തനം ചെയ്യേണ്ടതുണ്ടെന്നും ഇതു സംബന്ധിച്ച് ഒരു പഠനം നടത്തേണ്ടത് അത്യാവശ്യമാണെന്നും അഡീഷണൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് കൂട്ടിച്ചേർത്തു.

18. ഇക്കോട്ടൂറിസത്തിന്റെ പ്രധാന ലക്ഷ്യം ലാഭമുണ്ടാക്കുക എന്നതല്ലെന്നും വനത്തെ നേരിൽ കണ്ട് അവിടത്തെ ആവാസ വ്യവസ്ഥയും ബന്ധപ്പെട്ട പ്രശ്നങ്ങളും സ്വയം മനസ്സിലാക്കുകയും അതുവഴി വനസംരക്ഷണം ഓരോ പൗരന്റെയും ചുമതലയാണെന്നുമുള്ള അവബോധം വളർത്തിയെടുക്കുകയുമാണെന്നും വിപുലമായ രീതിയിൽ പരസ്യം നൽകിയാൽ മാത്രമേ ഇക്കോട്ടൂറിസത്തിന്റെ യഥാർഥ ലക്ഷ്യത്തിൽ നിന്ന് വ്യതിചലിക്കാതെ ഇക്കോട്ടൂറിസം വിപുലമാക്കാൻ കഴിയുകയുള്ളുവെന്നും വിലയിരുത്തിയ സമിതി ടൂറിസ്റ്റുകളെ ആകർഷിക്കുന്ന രീതിയിൽ ഇക്കോട്ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കണമെന്നും കൂടാതെ വനംവകുപ്പിന്റെ സഹായത്തോടെ പത്രദൃശ്യശ്രവ്യമാധ്യമങ്ങളിൽ ആകർഷകങ്ങളായ പരസ്യങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും നിർദ്ദേശിക്കുകയുണ്ടായി.

19. അരിപ്പയിൽ സ്ഥിതി ചെയ്യുന്ന ഫോറസ്റ്റ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് സമിതി സന്ദർശിക്കുകയും പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. ആദിവാസികളുടെ ഉന്നമനം ലക്ഷ്യമാക്കി 2005 മുതൽ അരിപ്പയിൽ ജ്യോതിസ്മൃതി അതിഥി മന്ദിരം കേന്ദ്രമാക്കി ഇക്കോട്ടൂറിസം ആരംഭിച്ചതായും ഇരുന്നൂറ് ഇനത്തിലധികം പക്ഷികൾ, നൂറ് തരത്തിലധികം ചിത്രശലഭങ്ങൾ, ശാസ്താംനട ഭാഗത്ത് കരിംകുറിഞ്ഞി പച്ചയെന്ന മരിസ്റ്റിക്ക ചതുപ്പ്, 40 ഹെക്ടറോളം വ്യാപിച്ചു കിടക്കുന്ന അമ്മയമ്പലംപച്ച ഉൾപ്പെടുന്ന ഉഷ്ണമേഖല നിത്യഹരിത വനത്തിലൂടെയുള്ള 10 കി.മീറ്റർ യാത്രയിൽ പക്ഷി നിരീക്ഷണം, അപൂർവ്വ ഇനം സസ്യ ജീവജാലങ്ങളെ അടുത്തറിയൽ, പോറ്റോമാവ് ആദിവാസി

ഊരുസന്ദർശനം, സമുദ്രനിരപ്പിൽനിന്നും ആയിരം അടിയോളം ഉയരത്തിലുള്ള വൈഡൂര്യക്കുന്നിൽ നിന്നുള്ള വിസ്മയിപ്പിക്കുന്ന വിദൂര കാഴ്ചകൾ, ശുദ്ധജല ചതുപ്പുകളായ മിരിസ്റ്റിക്കാ സ്വാംപുകൾ, വെള്ളംകടി ഭാഗത്തെ നീർച്ചാലുകളും, വന്യജീവികളും, ചിത്രശലഭങ്ങളും, പൂവാർ നദിയിലെ ശുദ്ധജലസ്നാനം എന്നിവയാണ് അരിപ്പ ഇക്കോടൂറിസം സെന്ററിന്റെ സവിശേഷതകളെന്നും 15 ആദിവാസികളും 3 തദ്ദേശീയരും ഉൾപ്പെടെ 18 പേർക്ക് ഗൈഡ് പരിശീലനം നൽകിയിട്ടുള്ളതായും സമിതി മനസിലാക്കി.

## ശിപാർശകൾ

20. 2012-13, 2013-14 കാലയളവിൽ ടൂറിസം വകുപ്പിൽ നിന്നും ലഭിച്ച 58.5 ലക്ഷം രൂപയുടെ ഫണ്ട് വിനിയോഗിച്ച് അരിപ്പയിൽ 5 ടെന്റുകൾ ഉൾപ്പെടെ ഒരു ക്യാമ്പിംഗ് സൈറ്റും എട്ട് പേർക്ക് താമസിക്കാവുന്ന നാല് സ്യൂട്ടുകളും നിർമ്മിച്ചിട്ടുണ്ടെന്നും നിലവിലുള്ള അരിപ്പ ഗസ്റ്റ്ഹൗസ് 7 പേർക്ക് താമസിക്കാവുന്ന വിധത്തിൽ 3 മുറികളോടുകൂടി നവീകരിച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ക്യാമ്പ് സൈറ്റ് ആരംഭിച്ചതിനുശേഷം സഞ്ചാരികളുടെ പ്രത്യേകിച്ച് വിദേശികളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ അരിപ്പ ഇക്കോടൂറിസം പദ്ധതി പ്രദേശത്ത് ക്യാമ്പ് സൈറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21. അരിപ്പയിൽ ഗൈഡോടുകൂടിയ പക്ഷിനിരീക്ഷണം, വന്യജീവി നിരീക്ഷണം, പകൽസമയ ട്രക്കിംഗ്, ശീതീകരിച്ച ജ്യോതിസ്മതി ഹിൽടോപ്പ് ബംഗ്ലാവിൽ ഭക്ഷണം ഉൾപ്പെടെയുള്ള താമസം എന്നീ സൗകര്യങ്ങൾ നാമമാത്രമായേ നടപ്പിലാക്കിയിട്ടുള്ളൂവെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത പദ്ധതികൾ പൂർണ്ണതോതിൽ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

22. അരിപ്പ ഇക്കോടൂറിസം തുടങ്ങി എട്ട് വർഷത്തോളമായിട്ടും വളരെ ചുരുക്കം വിദേശികൾ മാത്രമാണ് പദ്ധതി പ്രദേശം സന്ദർശിച്ചതെന്നും ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണവും താരതമ്യേന കുറവാണെന്നും ഇതു സംബന്ധിച്ച് കോർപ്പറേഷൻ പഠനം നടത്തുകയോ പ്രചരണ പരിപാടികൾ സംഘടിപ്പിക്കുകയോ ചെയ്തിട്ടില്ലെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ ടൂറിസ്റ്റുകളുടെ വരവ് കുറയുന്നത് സംബന്ധിച്ച് കോർപ്പറേഷൻ പഠനം നടത്തണമെന്നും വിദേശികൾ ഉൾപ്പെടെയുള്ള ടൂറിസ്റ്റുകളെ ആകർഷിക്കത്തക്കവിധത്തിൽ വനത്തിനുള്ളിലെ സഫാരിയും ട്രക്കിംഗ് പ്രോഗ്രാമും ഉൾപ്പെടുത്തി മാർക്കറ്റിംഗ് വിപുലീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

23. വിനോദസഞ്ചാരികൾ പ്ലാസ്റ്റിക് സാധനങ്ങളും മറ്റും ഉപേക്ഷിച്ചുപോകുന്നതിനാൽ ഗവിയിൽ വൻതോതിൽ പരിസര മലിനീകരണം നടക്കുന്നതായും ശുചീകരണത്തിനായി കൂടുതൽ തൊഴിലാളികളെ നിയോഗിക്കേണ്ടിവരുന്നതുമൂലം സഞ്ചാരികളുടെ എണ്ണം കുറക്കേണ്ടിവരുന്നതായും സമിതി മനസിലാക്കുന്നു. ആയതിനാൽ ഗവി പോലുള്ള ടൂറിസ്റ്റ് മേഖലകളിൽ സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം ഏർപ്പെടുത്തണമെന്നും മാലിന്യ നിർമ്മാർജ്ജനത്തിന് ഫലപ്രദമായ സംവിധാനങ്ങൾ ഒരുക്കണമെന്നും പരിസ്ഥിതി സൗഹൃദമായ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് അതിന് അനുസൃതമായി സഞ്ചാരികളുടെ എണ്ണം വർദ്ധിപ്പിക്കണമെന്നും സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

24. ഗവിയിൽ കാട്ടുപോത്ത് ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ ധാരാളമായി സഞ്ചരിക്കുന്ന പ്രദേശങ്ങളിൽ സന്ദർശകർക്ക് ഏർപ്പെടുത്തിയിട്ടുള്ള നിരോധനം തുടരണമെന്നും സന്ദർശകരെ മുന്നോട്ട് കടത്തിവിടാതെ ഗസ്റ്റ് ഹൗസ് വരെ പോയി ഡാമും പ്രകൃതിഭംഗിയും കണ്ടശേഷം തിരിച്ച് പുറത്തുപോകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

25. ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ സ്വദേശി ദർശൻ സ്കീമിൽ ഉൾപ്പെട്ട ഗവി കൊച്ചുപമ്പ ബാംബൂഹട്ട് സ്കീമിന് അനുമതി ലഭിച്ചതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത സ്കീം എത്രയുംവേഗം നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

26. ഗവിയിൽ സന്ദർശകർക്കായി സ്റ്റേ പാക്കേജ് പ്രോഗ്രാമും ഡേ പാക്കേജ് പ്രോഗ്രാമും ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ഡേ പാക്കേജിൽ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുള്ളതായി സമിതി വിലയിരുത്തുന്നു. ആയതിനാൽ ഡേ പാക്കേജ് പ്രോഗ്രാം പ്രകാരം എത്തുന്നവർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും ഗൈഡ് സേവനവും വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സംവിധാനവും പ്രവർത്തനസജ്ജമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. നിലവിലുള്ള സൗകര്യങ്ങൾ അപര്യാപ്തമായതിനാൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ഓരോ ദിവസവും കടത്തി വിടുന്ന ആളുകളുടെയും വാഹനങ്ങളുടെയും എണ്ണത്തിൽ വർദ്ധനവ് വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

27. ഗവിയിൽ സ്റ്റേ പാക്കേജ് പ്രോഗ്രാം പ്രകാരം എത്തുന്ന സഞ്ചാരികൾക്ക് താമസത്തിനായി ഗ്രീൻമാൻഷൻ ലോഡ്ജിൽ 11 മുറികളും 7 സ്വിസ് കോട്ടേജ് ടെന്റുകളും മാത്രമാണ് നിലവിലുള്ളതെന്ന് വിലയിരുത്തിയ സമിതി സഞ്ചാരികളുടെ വർദ്ധനവ്

കണക്കിലെടുത്ത് വന്യമൃഗങ്ങളുടെ ആക്രമണം ചെറുക്കുന്നതും കൂടുതൽ സഞ്ചാരികളെ താമസിപ്പിക്കാൻ കഴിയുന്നതുമായ പരിസ്ഥിതി സൗഹൃദമായ താമസസൗകര്യങ്ങൾ ഏർപ്പെടുത്തണമെന്നും നിലവിലുള്ള മുറികളുടെയും ടെന്റുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്നും ശിപാർശ ചെയ്യുന്നു.

28. മൂന്നാറിലെ സൈലന്റ്‌വാലിയിൽ 2001 മുതൽ പകൽ സമയ ട്രക്കിംഗ് പ്രോഗ്രാമും ടെന്റുകളിലുള്ള ക്യാമ്പിംഗും നടപ്പിലാക്കി വരുന്നതായും റോഡോ മാൻഷൻ വന്നതിനുശേഷം പകൽ സമയ ട്രക്കിംഗ് പ്രോഗ്രാം നിർത്തലാക്കിയതായും സ്റ്റേ പ്രോഗ്രാമുകൾ മാത്രമാണ് നിലവിലുള്ളതെന്നും സമിതി മനസിലാക്കുന്നു. ഏറ്റവും കൂടുതൽ സന്ദർശകർ എത്തുന്ന പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലൊന്നായ മൂന്നാറിലെ സന്ദർശക ബാഹുല്യം കണക്കിലെടുത്ത് ആധുനിക രീതിയിലുള്ള കൂടുതൽ ടെന്റ് ക്യാമ്പുകൾ ആരംഭിക്കണമെന്നും പകൽസമയ ട്രക്കിംഗ് പ്രോഗ്രാം പുനരാരംഭിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

29. കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ മൂന്നാർ, ഗവി, വാഗമൺ, തേക്കടി എന്നീ വിനോദസഞ്ചാരകേന്ദ്രങ്ങളെ സംയോജിപ്പിച്ച് ഒരു ടൂറിസം സർക്യൂട്ട് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

30. മൂന്നാറിൽ നിന്നും സൈലന്റ്‌വാലിയിലേക്കുള്ള ഏകദേശം 30 കിലോമീറ്റർ യാത്രയ്ക്കായി സ്വകാര്യ വാഹനങ്ങൾ 1,500 രൂപ മുതൽ 4,500 രൂപ വരെ, വിനോദസഞ്ചാരികളിൽ നിന്നും ഈടാക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ഈ മേഖലയിൽ കോർപ്പറേഷൻ കൂടുതൽ വാഹന സൗകര്യം ഏർപ്പെടുത്തിയാൽ ഇത്തരം ചൂഷണം ഒഴിവാക്കാവുന്നതാണ്. ആയതിനാൽ വിനോദസഞ്ചാരികൾക്ക് മൂന്നാറിൽ നിന്നും സൈലന്റ്‌വാലി വരെ സഞ്ചരിക്കുന്നതിനായി കെ.എഫ്.ഡി.സി. ഉചിതമായ സഫാരി പാക്കേജുകൾ ആവിഷ്കരിച്ച് നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ശ്രീലങ്കയിൽ നിന്നും പുനരധിവസിപ്പിക്കപ്പെട്ട തദ്ദേശവാസികൾക്ക് ടൗണിലേക്ക് പോകുന്നതിനും കുട്ടികൾക്ക് കുമിളിയിലെ സ്കൂളിലേക്ക് പോകുന്നതിനുമായി പ്രത്യേകം വാഹനസൗകര്യം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

31. സൈലന്റ്‌വാലിയിലെ 40 കിടക്കകൾ ഉൾപ്പെടുന്ന 20 ടെന്റുകൾ കാലപ്പഴക്കം കൊണ്ട് അനാകർഷകവും ഒരു പരിധിവരെ വാസയോഗ്യവുമല്ലാതെയായി തീർന്നിട്ടുണ്ടെന്നും കേവലം 4 പേർക്ക് മാത്രമാണ് സൈറ്റ് കോട്ടേജിൽ താമസം അനുവദിച്ചിട്ടുള്ളതെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സൈലന്റ്‌വാലിയിലെ കാലപ്പഴക്കം വന്ന ടെന്റുകൾ ആധുനിക സൗകര്യങ്ങളോടെ നവീകരിക്കണമെന്നും കൂടുതൽ സഞ്ചാരികളെ ഉൾക്കൊള്ളുന്നവിധത്തിൽ സൈറ്റ് കോട്ടേജുകൾ വിപുലീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

32. സൈറ്റ് കോട്ടേജുകളിലും ടെന്റുകളിലും വൈദ്യുതി ലഭ്യമാക്കിയിരിക്കുന്നത് കോർപ്പറേഷന്റെ സ്വന്തമായ മൈക്രോ ഹൈഡൽ പദ്ധതിയിൽ നിന്നാണെന്നും റോഡോമാൻഷനിൽ സോളാർ പവർ സിസ്റ്റമാണ് സ്ഥാപിച്ചിട്ടുള്ളതെന്നും സമിതി മനസ്സിലാക്കുന്നു. കോർപ്പറേഷന്റെ ഇത്തരം തനത് പ്രവർത്തനങ്ങളിൽ സമിതി സംതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം കൂടുതൽ കാര്യക്ഷമതയോടെയും സ്വയം പര്യാപ്തതയോടെയും വനം വികസന കോർപ്പറേഷൻ ഇക്കോടൂറിസം പദ്ധതികൾ വിപുലീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

33. മൂന്നാറിലെ ഫ്ലോറികൾച്ചറൽ സെന്ററിൽ ഒരു ഇക്കോടൂറിസം ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തിച്ച് വരുന്നുണ്ടെന്നും മൂന്നാറിലെ ഫ്ലോറികൾച്ചർ സെന്ററും വാഗമണ്ണിലെ ഓർക്കിഡേറിയം-കം-ഫ്ലോറികൾച്ചർ പ്രോജക്ടും മുഖ്യമായും ഇക്കോടൂറിസം വിജ്ഞാന വ്യാപന സെന്ററുകളായി പ്രവർത്തിക്കുന്നവയാണെന്നും സമിതി മനസ്സിലാക്കുന്നു. ഇക്കോടൂറിസത്തിന്റെ പ്രധാനലക്ഷ്യം ടൂറിസ്റ്റുകൾക്ക് പരിസ്ഥിതി വിദ്യാഭ്യാസം നൽകി വനസംരക്ഷണം ഉറപ്പുവരുത്തുകയാണെന്നതിനാൽ എല്ലാ ഇക്കോടൂറിസം സെന്ററുകളിലും പ്രകൃതി പഠനത്തിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്നും ലോക വനദിനമായ മാർച്ച് 21-ന് സ്കൂൾ/കോളേജ് വിദ്യാർത്ഥികൾ, എൻ.സി.സി., എൻ.എസ്.എസ്., പരിസ്ഥിതി സംഘടനകൾ, താൽപ്പര്യമുള്ള പൊതുജനങ്ങൾ എന്നിവരെ ഉൾപ്പെടുത്തി ക്യാമ്പുകൾ, ചർച്ചാക്ലാസുകൾ, പരിസ്ഥിതി പ്രാധാന്യമുള്ള സിനിമാപ്രദർശനങ്ങൾ തുടങ്ങിയ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. പ്രസ്തുത ആവശ്യങ്ങൾക്കും ഫ്ലോറികൾച്ചർ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കുമായി ദേവികുളം സെൻട്രൽ നഴ്സറിയുടെ കീഴിലുള്ള 50 ഏക്കർ സ്ഥലം കെ.എഫ്.ഡി.സി.ക്ക് വിട്ടുകൊടുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

34. പ്രധാനപ്പെട്ട ഇക്കോടൂറിസം സെന്ററുകളിൽ സിനിമ/സീരിയൽ ഷൂട്ടിംഗുകൾ വർദ്ധിച്ചുവരുന്നതായി സമിതി മനസ്സിലാക്കുന്നു. കർശനമായ വനനിയമങ്ങൾക്ക് വിധേയമായി മാത്രമേ സിനിമാ/സീരിയൽ ഷൂട്ടിംഗുകൾക്ക് അനുവാദം നൽകാവൂയെന്നും ആയതിലേക്കായി ബന്ധപ്പെട്ടവരിൽ നിന്ന് മുൻകൂർ തുക ഡെപ്പോസിറ്റായി സ്വീകരിച്ചുകൊണ്ട് നാശനഷ്ടങ്ങൾ കണക്കാക്കി ബാക്കി തുകയേ തിരികെ നൽകാവൂവെന്നും ഉയർന്ന ഫീസ് ഈടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

35. പെർമനന്റ് കൺസ്ട്രക്ഷൻ ഇല്ലാതെയുള്ള ഇക്കോടൂറിസം ആവിഷ്കരിക്കുന്നതിനായി കെ.എഫ്.ഡി.സി. കേന്ദ്ര സർക്കാരിന് സമർപ്പിച്ച മാനേജ്മെന്റ് പ്ലാനിന് അംഗീകാരം ലഭിച്ച സാഹചര്യത്തിൽ കെ.എഫ്.ഡി.സി.യുടെ എല്ലാ ഇക്കോടൂറിസം

സെന്ററുകളിലും പ്രസ്തുത മാനേജ്മെന്റ് പ്ലാൻ പ്രകാരമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

36. ഇക്കോടൂറിസം സെന്ററുകളിൽ ശബരീജലമാണ് സന്ദർശകർക്ക് നൽകിവരുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. സന്ദർശകർക്ക് കാടിനകത്തു നിന്നുള്ള ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനായി എല്ലാ സെന്ററുകളിലും കുടിവെള്ള പ്ലാന്റുകൾ നിർമ്മിച്ച് കുടിവെള്ളവിതരണം കുറ്റമറ്റതാക്കണമെന്നും കാലോചിതമായി വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കണമെന്നും ശുചിത്വം ഉറപ്പ് വരുത്തണമെന്നും ടോയ്ലെറ്റ് സൗകര്യം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

37. ഇക്കോടൂറിസം സെന്ററുകളിൽ എത്തുന്ന വിനോദസഞ്ചാരികൾക്ക് വനവിഭവങ്ങൾ ലഭ്യമാക്കുന്നതിനും വനവാസികളുടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും ഇക്കോഷോപ്പുകൾ വിപുലീകരിക്കേണ്ടതുണ്ടെന്ന് സമിതി കരുതുന്നു. ആയതിനാൽ കെ.എഫ്.ഡി.സി.-യുടെ എല്ലാ സെന്ററുകളിലും ഇക്കോ ഷോപ്പുകൾ വഴിയുള്ള വിപണന സംവിധാനം വിപുലമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

38. ഇക്കോടൂറിസത്തിന്റെ യഥാർത്ഥ ലക്ഷ്യം ടൂറിസം വികസിപ്പിച്ച് ലാഭമുണ്ടാക്കുക യല്ലായെന്നും വനത്തിന് കോട്ടം തട്ടാതെ പ്രകൃതി പഠനത്തിനുള്ള സൗകര്യം ഒരുക്കുകയും തദ്ദേശവാസികൾക്ക് ജോലി നൽകുകയും അവരുടെ ജീവിതനിലവാരം ഉയർത്തുകയും ചെയ്യുക എന്നതാണെന്നും പ്രസ്തുത ലക്ഷ്യങ്ങൾ നേടുന്നതിനായി തദ്ദേശവാസികളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്ന തരത്തിൽ ഇക്കോടൂറിസം പദ്ധതികൾ കൂടുതൽ മെച്ചപ്പെടുത്തണമെന്നും വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന വിധത്തിൽ കൂടുതൽ പരിസ്ഥിതിസൗഹൃദ പദ്ധതികൾ ആവിഷ്കരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

39. ഓരോ ഇക്കോടൂറിസം മേഖലയിലും ഒരു ദിവസം ഒരേസമയത്ത് എത്രത്തോളം സന്ദർശകരെ പ്രവേശിപ്പിക്കാമെന്നും മൃഗങ്ങൾ ധാരാളമുള്ള പ്രദേശങ്ങളിൽ രാത്രി എത്രപേർക്ക് തങ്ങാൻ കഴിയുമെന്നും വാഹനങ്ങൾ എത്രദൂരം വരെ കടത്തി വിടാമെന്നും പ്രകൃതി സൗഹൃദമായി എത്രത്തോളം സന്ദർശകരെ അനുവദിക്കാമെന്നുമുള്ളതും സംബന്ധിച്ച് വിശദമായ പരിസ്ഥിതി ആഘാത പഠനവും സാധ്യതാ പഠനവും നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഇക്കോടൂറിസം പദ്ധതികൾ ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകുന്നത് സംബന്ധിച്ച് കൃത്യമായ ഇടവേളകളിൽ അവലോകനം നടത്തി ക്രിയാത്മകമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

40. വനം വകുപ്പിന്റെ സഹായത്തോടെ പത്രദൃശ്യശ്രാവ്യമാധ്യമങ്ങളിലും നവമാധ്യമങ്ങളിലും വിപുലമായ രീതിയിൽ പരസ്യം നൽകി വിദേശ വിനോദ സഞ്ചാരികളെയും മറുനാടൻ സഞ്ചാരികളെയും ഇക്കോടൂറിസം കേന്ദ്രങ്ങളിലേക്ക് ആകർഷിക്കണമെന്നും ആയതിനായി എല്ലാ ഇക്കോടൂറിസം കേന്ദ്രങ്ങളിലെയും വിവരങ്ങൾ ഉൾപ്പെടുത്തി വനം വികസന കോർപ്പറേഷന്റെ വെബ്സൈറ്റ് വിപുലീകരിക്കണമെന്നും ഓൺലൈൻ ബുക്കിംഗ് സംവിധാനം കുറ്റമറ്റതാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

41. ഓരോ നാണ്യവിളയ്ക്കും വെവ്വേറെ കോർപ്പറേഷനുകൾ രൂപീകരിച്ചിട്ടുള്ള സാഹചര്യത്തിൽ ഇക്കോടൂറിസം പൂർണ്ണമായി ഒരു യൂണിറ്റിന്റെ കീഴിൽ വരുന്നതാണ് അഭികാമ്യമെന്ന് സമിതി കരുതുന്നു. കേരള വനം വികസന കോർപ്പറേഷൻ പല മേഖലകളിലായി വ്യാപിച്ച് കിടക്കുന്നതിനാൽ ഇക്കോടൂറിസം പദ്ധതിക്കായി കൂടുതൽ ശ്രദ്ധ ചെലുത്തുവാൻ സാധിക്കുന്നില്ലെന്നും സമിതി മനസിലാക്കുന്നു. ആയതിനാൽ ഇക്കോടൂറിസം പദ്ധതികളെ പൂർണ്ണമായും ഒരു യൂണിറ്റിന്റെ കീഴിൽ കൊണ്ടുവരണമെന്നും കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നത് കേരളാ സ്റ്റേറ്റ് ഫോറസ്റ്റ് ആന്റ് ഇക്കോടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നാക്കി മാറ്റണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

42. കേരള വനം വികസന കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇക്കോടൂറിസം പദ്ധതി പ്രദേശങ്ങളിൽ ആവശ്യമായ ജീവനക്കാർ ഇല്ലാത്തതിനാൽ പദ്ധതികൾ കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുവാൻ കോർപ്പറേഷൻ പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നതായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. 32 ഫീൽഡ് ഓഫീസർമാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെങ്കിലും 4 പേർ മാത്രമാണ് നിലവിലുള്ളതെന്നും 16 അസിസ്റ്റന്റ് മാനേജർ തസ്തികകൾ ഉണ്ടെങ്കിലും 2 പേർ മാത്രമാണ് ഇപ്പോൾ ഉള്ളതെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഓരോ ഇക്കോടൂറിസം പ്രദേശത്തും ആവശ്യമായ ജീവനക്കാരുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനായി വർക്ക് സ്റ്റഡി നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

43. പ്രകൃതിപഠനവും പരിസരവാസികളുടെ ഉന്നമനവും വന സംരക്ഷണവും ഉറപ്പാക്കുകയെന്ന ഇക്കോടൂറിസത്തിന്റെ അന്തസത്തയ്ക്ക് തെല്ലും കോട്ടം തട്ടാത്ത വിധത്തിൽ ഇക്കോടൂറിസം പദ്ധതികൾ ആവിഷ്കരിക്കുകയും കേവലം ലാഭമുണ്ടാക്കുകയെന്നതിലുപരി പരിസ്ഥിതി വിദ്യാഭ്യാസം പകർന്നുനൽകുകയെന്ന കർത്തവ്യത്തിലധിഷ്ഠിതമായ കർമ്മപരിപാടികൾ നടപ്പിലാക്കുകയും ചെയ്യുന്ന കേരളാ ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. എന്നിരുന്നാലും

പല പദ്ധതികളും ആരംഭദിശയിലാണെന്നും അരിപ്പപോലുള്ള കേന്ദ്രങ്ങൾ വികസിപ്പിക്കേണ്ടതും പോരായ്മകൾ പരിഹരിക്കപ്പെടേണ്ടതുമാണ്. ആയതിനാൽ കൂടുതൽ സെന്ററുകൾ ആരംഭിക്കുന്നതിനു പകരം നിലവിലുള്ള ഇക്കോടൂറിസം കേന്ദ്രങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഇക്കോടൂറിസം സെന്ററുകളാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തുനടത്തുന്നതിന് കേരള വനം വികസന കോർപ്പറേഷൻ പ്രതിജ്ഞാബദ്ധമാകണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. സമിതിയുടെ ശിപാർശകൾ വനം വികസന കോർപ്പറേഷന്റെ ഇക്കോടൂറിസം പദ്ധതികൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സഹായകരമാകുമെന്ന് സമിതി പ്രത്യാശിക്കുന്നു.

സി. ദിവാകരൻ,

*അദ്ധ്യക്ഷൻ,*

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി.

തിരുവനന്തപുരം,

2017 മേയ് 2.

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.